REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 09-04-2026 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- സംസ്ഥാനത്ത് മികച്ച പോളിംഗ്. ആദ്യ നാല് മണിക്കൂറിൽ 33.3 ശതമാനം പേർ വോട്ട് ചെയ്തു.
- ഗവർണറും മുഖ്യമന്ത്രിയുമടക്കം പ്രമുഖർ ആദ്യ മണിക്കൂറുകളിൽ തന്നെ വോട്ടിംഗിനെത്തി.
- കേരളത്തോടൊപ്പം അസമിലും പുതുച്ചേരിയിലും പോളിംഗ് പുരോഗമിക്കുന്നു. ഉച്ചയോടെ അസമിൽ 39 ശതമാനവും, പുതുച്ചേരിയിൽ 37 ശതമാനവും പോളിംഗ്.
- രാജ്യത്തെ നിയമനിർമ്മാണ സഭകളിലെ വനിതാ സംവരണം കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
- സ്വർണവില പവന് ഒരു ലക്ഷത്തി 11,080 രൂപയായി കുറഞ്ഞു.
- IPL ക്രിക്കറ്റിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, വൈകിട്ട് ലഖ്നൗ സൂപ്പർ ജയന്റ്സിനെ നേരിടും.

## വാർത്തകൾ വിശദമായി

**സംസ്ഥാനത്ത് നിയമസഭാ തിരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് പുരോഗമിക്കുന്നു. ആദ്യ മണിക്കൂറുകളിൽ മികച്ച പോളിങ് ഉണ്ടായി. തിരഞ്ഞെടുപ്പ് കമ്മീഷന്റെ കണക്കനുസരിച്ച് 11 വരെ സംസ്ഥാനത്തെ വോട്ടിങ് ശതമാനം 33.30 ശതമാനമാണ്.**

**ജില്ലകളിൽ എറണാകുളത്താണ് ഉയർന്ന പോളിങ് - 35.86%. കുറഞ്ഞ പോളിങ് കാസർകോട്ട് - 31.2%. മണ്ഡലങ്ങളിൽ തൃപ്പൂണിത്തുറയിലാണ് മികച്ച പോളിങ് രേഖപ്പെടുത്തിയത് - 40.6%.**

കണ്ണൂരിൽ വോട്ടിങ് 32.22 ശതമാനത്തിലെത്തി. കോഴിക്കോട് 33.1 ശതമാനവും മലപ്പുറത്ത് 32 ശതമാനവും പേർ വോട്ട് രേഖപ്പെടുത്തി. വയനാട്ടിൽ 33.43 ആണ് വോട്ടിങ് ശതമാനം.

ഉച്ചയോടെ പല ബൂത്തുകളിലും തിരക്കിൽ നേരിയ കുറവുണ്ടായതായാണ് റിപ്പോർട്ട്.

ആകെ രണ്ടു കോടി 71 ലക്ഷത്തി 42,952 വോട്ടർമാരിൽ ഒരു കോടി 39 ലക്ഷത്തി 21,868 പേർ സ്ത്രീകളും, ഒരു കോടി 32 ലക്ഷത്തി 20,811 പേർ പുരുഷന്മാരുമാണ്. 273 ട്രാൻസ്ജെന്റർമാരും പട്ടികയിലുണ്ട്. നാല് ലക്ഷത്തി 66,000 പേർ കന്നി വോട്ടർമാരാണ്. കേരളത്തിന്റെ മനസ് ആർക്കൊപ്പമെന്നും ഭരണത്തുടർച്ചയോ, ഭരണമാറ്റമോ എന്നും അറിയാൻ ഇനി 26 ദിവസം കാത്തിരിക്കണം. മെയ് നാലിനാണ് വോട്ടെണ്ണൽ.

പോളിംഗ് ബൂത്തുകളിൽ മൊബൈൽ ഫോൺ കർശനമായി നിരോധിച്ചിട്ടുണ്ട്. വോട്ടർമാർ മൊബൈൽ ഫോൺ സ്വിച്ച് ഓഫ് ചെയ്ത് ബൂത്തുകളിലെ പ്രത്യേക സഞ്ചികളിൽ നിക്ഷേപിച്ച് സൂക്ഷിപ്പുകാരിൽ നിന്ന് ടോക്കൺ വാങ്ങേണ്ടതാണ്. വോട്ടിംഗിന് ശേഷം ടോക്കൺ നൽകി ഫോൺ തിരികെ വാങ്ങാം. പോളിംഗ് അവസാനിക്കുന്ന വൈകിട്ട് ആറു വരെ മദ്യനിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്.

തെരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയ വോട്ടർ ID കാർഡ്, ആധാർ കാർഡ്, എന്നിവയടക്കം 12 തിരിച്ചറിയൽ രേഖകൾ വോട്ടുചെയ്യാൻ ഉപയോഗിക്കാം. കൂടാതെ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടേയും തിരിച്ചറിയൽ കാർഡുകളും ആധികാരിക രേഖയാണ്.

2,040 പ്രശ്നസാധ്യതാ ബൂത്തുകളിൽ സുരക്ഷയ്ക്കായി 160 കമ്പനി കേന്ദ്രസേനയെ നിയോഗിച്ചിട്ടുണ്ട്. സ്പെഷ്യൽ പൊലീസും വളണ്ടിയർമാരുമടക്കം 76,000-ത്തോളം പേരാണ് വോട്ടെടുപ്പിന് സുരക്ഷയൊരുക്കുന്നത്. സംസ്ഥാനത്ത് തിരഞ്ഞെടുപ്പ് പ്രക്രിയക്ക് ഹരിതചട്ടം പാലിക്കണമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

✪✪✪

രാഷ്ട്രീയ, കലാ സാംസ്കാരിക രംഗങ്ങളിലെ പ്രമുഖർ ആദ്യമണിക്കൂറുകളിൽ തന്നെ സമ്മതിദാന അവകാശം വിനിയോഗിക്കാൻ ബൂത്തുകളിലെത്തി. ഗവർണർ രാജേന്ദ്ര വിശ്വനാഥ്

ആർലേക്കർ കുടുംബസമേതം തിരുവനന്തപുരം ജവഹർ നഗർ സ്കൂളിലെ പോളിംഗ് സ്റ്റേഷനിലെത്തി വോട്ട് രേഖപ്പെടുത്തി.

മുഖ്യമന്ത്രി പിണറായി വിജയൻ, പിണറായി RC അമല ബേസിക് UP സ്കൂളിലാണ് വോട്ട് ചെയ്തത്. ഗുരുവായൂരിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപിയും പറവൂരിൽ പ്രതിപക്ഷ നേതാവ് VD സതീശനും വോട്ട് രേഖപ്പെടുത്തി.

കൂടുതൽ വോട്ടെടുപ്പ് വിശേഷങ്ങൾ

......(വോയ്സ്)...

വോയ്സ് - വോട്ട് രേഖപ്പെടുത്തി-1

തിരുവനന്തപുരം നേമത്ത് മന്ത്രി V ശിവൻകുട്ടി, KS ശബരീനാഥ്, നടൻ മോഹൻലാൽ തുടങ്ങിയവർ രാവിലെ തന്നെ വോട്ട് ചെയ്യാനെത്തി. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ചെറുവാച്ചേരി ഗവ. LP സ്കൂളിൽ വോട്ട് രേഖപ്പെടുത്തി. മന്ത്രി മുഹമ്മദ് റിയാസ് ബേപ്പൂരിലാണ് സമ്മതിദാന അവകാശം വിനിയോഗിച്ചത്. മന്ത്രി വീണാ ജോർജ് പത്തനംതിട്ടയിലെ ആനപ്പാറ ഗവൺമെന്റ് LP സ്കൂളിലാണ് വോട്ടു ചെയ്യാനെത്തിയത്. വാഴത്തോപ്പ് ഗവ. വൊക്കേഷ്ണൽ ഹയർ സെക്കൻഡറി സ്കൂളിൽ എത്തി മന്ത്രി റോഷി അഗസ്റ്റിനും വോട്ട് രേഖപ്പെടുത്തി. മന്ത്രി K കൃഷ്ണൻകുട്ടി പാലക്കാട് വണ്ടിത്താവളം KKM LP സ്കൂളിലാണ് വോട്ട് ചെയതത്. മന്ത്രി MB രാജേഷ് ഷൊർണൂർ കൈലിയാട് ഗവണ്മെന്റ് LP സ്കൂളിൽ വോട്ട് രേഖപ്പെടുത്തി. മന്ത്രി A.K ശശീന്ദ്രൻ ചൊവ്വ ധർമ്മ സമാജം UP സ്കൂളിൽ വോട്ട് ചെയ്തു.

മന്ത്രി O.R കേളു എടയൂർ കുന്ന് ഗവൺമെന്റ് യു പി സ്കുളിൽ LDF സ്ഥാനാർത്ഥി കുടുംബ സമേതം വോട്ടു ചെയ്യാനെത്തിയത്.

പേരാവൂരിൽ KPCC പ്രസിഡന്റ് സണ്ണി ജോസഫും അമ്പലപ്പുഴയിൽ മുൻ മന്ത്രി G സുധാകരനും വോട്ട് ചെയ്തു. തിരുവനന്തപുരം ജവഹർ നഗർ LP സ്കൂളിൽ BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖറും, തൃശൂർ കേരള വർമ്മ കോളേജിൽ മന്ത്രി ഡോ. R ബിന്ദുവും CPIM PB അംഗം A വിജയ രാഘവനും വോട്ട് ചെയ്തു. മുൻ മന്ത്രിയും LDF സ്ഥാനാർത്ഥിയുമായ C രവീന്ദ്രനാഥ്, NDA സ്ഥാനാർഥി KK അനീഷ് കുമാർ എന്നിവരും കേരളവർമ്മ കോളേജിൽ വോട്ട് രേഖപ്പെടുത്തി.

CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ മൊറാഴ സെൻട്രൽ UP സ്കൂളിലാണ് വോട്ട് ചെയ്തത്.

BJP നേതാവ് V മുരളീധരൻ തിരുവനന്തപുരം ഉള്ളൂർ കൊട്ടാരം ബൂത്തിൽ വോട്ട് ചെയ്തു. BJP ദേശീയ ഉപാധ്യക്ഷൻ A.P അബ്ദുള്ള കുട്ടി പള്ളിക്കുന്ന് രാധാ വിലാസം UP സ്കൂലെ ബൂത്തിൽ വോട്ട് രേഖപ്പെടുത്തി.

പാലക്കാട്ടെ BJP സ്ഥാനാർത്ഥി ശോഭാ സുരേന്ദ്രൻ മണലിത്തറ ജനകീയ വിദ്യാലയത്തിൽ രാവിലെ വോട്ട് രേഖപ്പെടുത്തി. തൃപ്പൂണിത്തുറ LPG സ്കൂളിലാണ് രമേഷ് പിഷാരടി വോട്ട് ചെയ്തത്. എറണാകുളം തേവര ഗവണ്മെന്റ് ഫിഷറീസ് സ്കൂളിലെത്തി നടൻ പൃഥ്വിരാജും വോട്ട് രേഖപ്പെടുത്തി.

✪✪✪

കോഴിക്കോട് ജില്ലയിൽ 33 ശതമാനത്തോളം പോളിംഗ് ഉച്ചവരെ രേഖപ്പെടുത്തി. ബൂത്തുകളിൽ വോട്ടർമാരുടെ വൻ തിരക്കാണ്.

കഴിഞ്ഞ തിരഞ്ഞെടുപ്പുകളിൽ നിന്ന് മാറി ഇത്തവണ നഗരമേഖലയിൽ പോളിംഗ് ശതമാനം ഉയരുകയാണെ ന്നാണല്ലോ റിപ്പോർട്ട്.

നസീർ ബാബു എന്തൊക്കെയാണ് കോഴിക്കോട്ടെ വോട്ടെടുപ്പ് വിശേഷങ്ങൾ ...?

.....(വോയ്സ്)......

✪✪✪

കാസർകോട് ജില്ലയിലാണ് സംസ്ഥാനത്ത് കുറഞ്ഞ പോളിംഗ് നിരക്ക്. ചില മണ്ഡലങ്ങളിൽ ശരാശരിയ്ക്കും താഴെയാണ് വോട്ട് ചെയ്യാൻ എത്തുന്നവരുടെ എണ്ണം.

P ജഗന്നിവാസന്റെ റിപ്പോർട്ട്.

......(വോയ്സ്).....

✪✪✪

കണ്ണൂർ ജില്ലയിൽ മുഖ്യമന്ത്രിയടക്കം നിരവധി പ്രമുഖർ രാവിലെ തന്നെ ബൂത്തുകളിലെത്തി വോട്ട് ചെയ്തു.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ.

........(വോയ്സ്)........

✪✪✪

മലപ്പുറം ജില്ലയിലെ വിവിധ ബൂത്തുകളിൽ ഉച്ചയ്ക്കും നല്ല തിരക്കാണ് അനുഭവപ്പെടുന്നത്. പല ബൂത്തുകളിലും വോട്ടർമാരുടെ നീണ്ട നിരയാണ്.

മലപ്പുറം ജില്ലാ പ്രതിനിധി M സുരേഷ് ബാബു.

....(വോയ്സ്)...........

✪✪✪

തൃശ്ശൂർ വാണിയം പാറയിൽ വോട്ട് ചെയ്ത് പുറത്തിറങ്ങിയ ആൾ കുഴഞ്ഞു വീണു മരിച്ചു. EKMUP സ്കൂളിൽ നിന്നും വോട്ട് ചെയ്ത രാമൻചിറ പാമ്പുങ്ങൽ വീട്ടിൽ വിനോദ് ആണ് മരിച്ചത്. 62 വയസ്സായിരുന്നു.

✪✪✪

വോട്ടിംഗ് മെഷീൻ തകരാറിലായതിനെ തുടർന്ന് പുതുപ്പള്ളി മണ്ഡലത്തിലെ ആർമാനൂർ ഗവണ്മെന്റ് സ്കൂളിൽ വോട്ടിംഗ് മുടങ്ങി. ബൂത്ത് നമ്പർ 8 ലാണ് വോട്ടിങ് മുടങ്ങിയത്.

✪✪✪

കേരളത്തോടൊപ്പം അസമിലും പുതുച്ചേരിയിലും വോട്ടെടുപ്പ് പുരോഗമിക്കുകയാണ്. പുതുച്ചേരിയിൽ 30 നിയമസഭാ മണ്ഡലങ്ങളിൽ ഉച്ചയ്ക്ക് 12 ഓടെ 37 ശതമാനം പേർ വോട്ട് ചെയ്തു.

കാരയ്ക്കലിലും 37 ശതമാനം വോട്ട് രേഖപ്പെടുത്തി. മാഹിയിലാണ് ഏറ്റവും കുറവ് പോളിംഗ് 29.25 ശതമാനം.

അസമിലെ 126 സീറ്റിലും 39 ശതമാനത്തോളം പോളിംഗ് രേഖപ്പെടുത്തി.

തമിഴ്നാട് തെരഞ്ഞെടുപ്പിനും പശ്ചിമബംഗാളിലെ ആദ്യഘട്ട തെരഞ്ഞെടുപ്പിനും പത്രിക പിൻവലിക്കാവുന്ന അവസാന ദിവസവും ഇന്നാണ്.

✪✪✪

രാജ്യത്തെ നിയമനിർമ്മാണ സഭകളിലെ വനിതാ സംവരണം കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. വനിതാ സംവരണം ജനാധിപത്യത്തെ കൂടുതൽ ഊർജസ്വലമാക്കുമെന്ന് അദ്ദേഹം മാധ്യമങ്ങളിൽ പങ്കുവെച്ച ലേഖനത്തിൽ അഭിപ്രായപ്പെട്ടു. സംവരണത്തിലെ കാലതാമസം ദൗർഭാഗ്യകരമാണെന്നും വനിതാ സംവരണ ബിൽ ചർച്ച ചെയ്ത് പാസാക്കാൻ ഈ മാസം 16ന് പാർലമെന്റ് വിളിച്ചു ചേർത്തിട്ടുണ്ടെന്നും നരേന്ദ്രമോദി അറിയിച്ചു.

ഡെസ്ക് റിപ്പോർട്ട്......

(വോയ്സ്)...

2029 ലെ ലോക്സഭാ തിരഞ്ഞെടുപ്പിലും, വരുംകാല നിയമസഭാ തിരഞ്ഞെടുപ്പുകളിലും വനിതാ സംവരണം നടപ്പാക്കേണ്ടത് അനിവാര്യമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. ജനാധിപത്യ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് അർഹമായ സ്ഥാനം ഉറപ്പാക്കാൻ മുൻഗവണ്മെന്റുകൾ പതിറ്റാണ്ടുകൾ ആവർത്തിച്ച് ശ്രമങ്ങൾ നടത്തിയെങ്കിലും അത് സാധ്യമായില്ല. കമ്മറ്റികൾ രൂപീകരിച്ച് ബില്ലിന്റെ കരടുകൾ അവതരിപ്പിച്ചെങ്കിലും അവയൊന്നും വെളിച്ചം കണ്ടില്ല. 2023 സെപ്റ്റംബറിൽ പാർലമെന്റ് 'നാരീശക്തി വന്ദൻ അധിനീയം' സമവായമുണ്ടാക്കി പാസാക്കിയതായും നരേന്ദ്രമോദി അറിയിച്ചു.

നിയമ നിർമ്മാണ സ്ഥാപനങ്ങളിലെ സ്ത്രീ സംവരണം ഇന്ത്യയിലെ കോടിക്കണക്കിന് സ്ത്രീകളുടെ അഭിലാഷങ്ങളുടെ പ്രതിഫലനമാണെന്നും സ്ത്രീകളുടെ പുരോഗമനം സമൂഹം പുരോഗമിക്കുന്നതിന്റെ സ്ഥിരീകരണമാണെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. ശാസ്ത്ര സാങ്കേതിക വിദ്യ മുതൽ സംരംഭകത്വം വരെയും കായികം മുതൽ സായുധ സേന വരെയും സംഗീതം മുതൽ കലാരംഗം വരെയും എല്ലാ മേഖലയിലും സ്ത്രീകൾ മുൻപന്തിയിലാണെന്നും നരേന്ദ്രമോദി പറഞ്ഞു. ഭരണത്തിലും തീരുമാനമെടുക്കലിലും സ്ത്രീകൾ പങ്കെടുക്കുന്നത് പൊതുസംവാദത്തെ സമ്പന്നമാക്കുമെന്നും ഭരണ ഗുണനിലവാരം മെച്ചപ്പെടുത്തുമെന്നും പ്രധാനമന്ത്രി ലേഖനത്തിൽ അഭിപ്രായപ്പെട്ടു.

✪✪✪

ഇസ്രായേലിന്റെ ലെബനൻ ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ ഹോർമൂസ് കടലിടുക്കിൽ ഇറാൻ വീണ്ടും വിദേശ കപ്പലുകൾ തടഞ്ഞു. അനുമതിയില്ലാതെ ഹോർമൂസ് കടലിടുക്ക് കടക്കാൻ ശ്രമിക്കുന്ന കപ്പലുകൾ നശിപ്പിക്കുമെന്ന് ഇറാൻ ഭീഷണിപ്പെടുത്തി. ലെബനനിലെ സൈനിക നടപടി വെടിനിർത്തൽ കരാറിന്റെ ഭാഗമല്ലെന്ന് US പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് അറിയിച്ചു.

പശ്ചിമേഷ്യൻ സംഘർഷവുമായി ബന്ധപ്പെട്ട ചർച്ചകളുടെ പത്തിന നിർദേശങ്ങളിൽ മൂന്നെണ്ണം അമേരിക്ക ലംഘിച്ചുവെന്ന ഇറാന്റെ ആരോപണത്തിന് പിന്നാലെയാണ് പുതിയ പ്രതിസന്ധി.

ഇസ്രായേൽ ആക്രമണങ്ങളിൽ 182 പേർ ലെബനനിൽ കൊല്ലപ്പെട്ടതായി ആരോഗ്യ മന്ത്രാലയം അറിയിച്ചു. ഇസ്രായേൽ-ഹിസ്ബുള്ള യുദ്ധത്തിൽ ഒരു ദിവസത്തെ ഏറ്റവും ഉയർന്ന മരണ സംഖ്യയാണിത്.

✪✪✪

ഇറാൻ യുദ്ധത്തിൽ US നെ പിന്തുണയ്ക്കാതിരുന്ന നാറ്റോ സഖ്യ രാജ്യങ്ങളുടെ നിലപാടിൽ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് കടുത്ത അതൃപ്തി രേഖപ്പെടുത്തി. നാറ്റോ സെക്രട്ടറി ജനറൽ, മാർക്ക് റൂട്ടുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് ട്രംപ് നിലപാട് വ്യക്തമാക്കിയത്. US ന് ആവശ്യം വന്ന സന്ദർഭത്തിൽ സഖ്യ രാജ്യങ്ങളൊന്നും സഹായിച്ചില്ലെന്ന് ട്രംപ് സാമൂഹിക മാധ്യമത്തിൽ കുറിച്ചു. നാറ്റോ സഖ്യം വിടുന്നത് സജീവ ചർച്ചയിലാണെന്ന് വൈറ്റ് ഹൗസ് പ്രസ് സെക്രട്ടറി കരോലിൻ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

ഇന്ത്യൻ എണ്ണക്കപ്പൽ ഗ്രീൻ ആഷ LPG യുമായി മുംബൈയിൽ ബെർത്ത് ചെയ്തു. 14,500 ടൺ പാചക വാതകവുമായാണ് ഹോർമൂസ് കടലിടുക്ക് മറികടന്നത്.

✪✪✪

സ്വർണ്ണവില കുറഞ്ഞു. പവന് 1,720 രൂപ താഴ്ന്ന് ഒരു ലക്ഷത്തി 11,080 ലെത്തി. 13,885 രൂപയാണ് ഗ്രാമിന് ഇന്നത്തെ വില.

✪✪✪

ഡൽഹിയിൽ IPL ക്രിക്കറ്റിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, ലഖ്നൗ സൂപ്പർ ജയന്റ്സിനെ നേരിടും. വൈകീട്ട് 7.30 ന് കൊൽക്കത്തയിലെ ഈഡൻ ഗാർഡൻസിലാണ് മത്സരം.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് ജംഷഡ്പൂർ, മുംബൈ സിറ്റിയെ നേരിടും. വൈകീട്ട് 7.30 ന് ജംഷഡ്പൂരിലാണ് മത്സരം.

✪✪✪

ആഭ്യന്തര വിമാനക്കമ്പനികൾക്ക് ലാൻഡിംഗ് ഫീസിലും പാർക്കിംഗ് ഫീസിലും 25 ശതമാനം ഇളവ് അനുവദിച്ചതായി സിവിൽ വ്യോമയാന മന്ത്രി രാം മോഹൻ നായിഡു അറിയിച്ചു. പശ്ചിമേഷ്യൻ സംഘർഷത്തിൽ ഇന്ധന വില വർദ്ധിച്ചതുവഴി വിമാനക്കമ്പനികൾക്ക് ഉണ്ടായ അധിക ചെലവിന് പരിഹാരം എന്ന നിലയിലാണ് നടപടി.

✪✪✪

കണ്ണൂർ മുണ്ടേരി കടവ് സതീശൻ റോഡിന് സമീപം കിണർ കുഴിക്കുന്നതിനിടെ കയർപൊട്ടിവീണ് രണ്ട് തൊഴിലാളികൾ മരിച്ചു. ചേലേരിമുക്ക് സ്വദേശി അബ്ദുൽ ഗഫൂർ, കണ്ണാടിപറമ്പിലെ രാജേഷ് എന്നിവരാണ് മരിച്ചത്.

✪✪✪

---

*News Editor & News Reader: വികെ സുരേഷ്*
*News Team: അനിൽ ചന്ദ്രൻ, അനുഷ ആത്മപ്രകാശ്, ഹബീബ് റഹ്മാൻ, അനഘ*
*DEO : ഷീബ*

आकाशवाणी